# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4186 — 21.07.2015 ൽ മറുപടിയ്ക്ക്

## റബ്ബർ സംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സാജു പോൾ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നടപ്പ് സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണത്തിനായി സർക്കാർ ചെലവഴിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (എ) നടപ്പു സാമ്പത്തിക വർഷത്തിൽ (2015-16) റബ്ബർ സംഭരണത്തിനായി കൃഷി വകുപ്പിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റബ്ബർ കർഷകരെ രക്ഷിക്കാനായി ഖജനാവിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) ഒന്നാം ഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോക്ക് 6 രൂപ നിരക്കിൽ കൈകാര്യച്ചെലവ് അനുവദിക്കുന്നതിനായി 4 കോടി രൂപ 2013-14 -ൽ കൃഷി വകുപ്പിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. 2014-15-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി 6 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും റബ്ബർമാർക്കിനും കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. |
| (സി) ഏതൊക്കെ ഏജൻസികൾക്കാണ് റബ്ബർ സംഭരണത്തിനായി ഫണ്ട് അനുവദിച്ചത് ; | (സി) റബ്ബർ സംഭരണത്തിനായി ഫണ്ട് അനുവദിച്ചത് സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ് ഫെഡിനുമാണ്. |

(ഡി) സർക്കാരിന്റെ ഇടപെടൽ മൂലം റബ്ബർ വില ഉയർത്താനോ, റബ്ബർ കർഷകരെ സാമ്പത്തികമായി സഹായിക്കാനോ കഴിഞ്ഞിട്ടുണ്ടോ-യെന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാർ ഉത്തരവ് പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരണ നടപടികൾ സ്വീകരിച്ചതിലൂടെ വിപണിയിൽ റബ്ബറിന്റെ വിലയിടിവ് ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഇ) ബജറ്റിൽ വകയിരുത്തിയ ഫണ്ടു കൊണ്ട് തന്നാണ്ടിലെ റബ്ബർ ഉൽപാദനത്തിന്റെ എത്ര ശതമാനം സംഭരിക്കുവാൻ സാധിക്കുമെന്ന് ഉൽപാദനം, വകയിരുത്തിയ ഫണ്ട്, വരുന്ന ചെലവ് ഇവയുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

(ഇ) റബ്ബർ കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതിനായി "റബ്ബർ ഉല്പാദന ഉത്തേജക പദ്ധതി" നടപ്പിലാക്കു-ന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. [സ.ഉ.(പി)നം.269/2015/ഫിൻ, തീയതി 03.07.2015]. 2015-16 – ലെ ബഡ്ജറ്റിൽ 300 കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം 20000 ടൺ റബ്ബർ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ